<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231</u> <u>23-08-2022 - ൽ മറുപടിയ്ക്ക്</u>

<u>സാമ്പിൾ കളക്ഷൻ സെന്ററിന്റെയും റിസൾട്ട് കൗണ്ടറിന്റെയും സജ്ജീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലബോറട്ടറി പരിശോധനകളുടെ റിസൾട്ട് ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിവിധ ലാബുകൾ പല ഭാഗങ്ങളിലായതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പരിശോധനാ ഫലങ്ങൾ ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | സാമ്പിൾ കളക്ഷൻ സെന്ററും റിസൾട്ട് കൗണ്ടറും എത്ര വീതമാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | **<u>Sample Collection Counter</u>**<br>SSB – 1<br>MSB – 1<br>Casualty – 1<br>Diagnostic block – 2<br>Micro lab counter – 1<br>HDS counter – 1 (16th ward)<br>HDS Counter – 1 (Casualty)<br>**<u>Report Counter</u>**<br>Integrated lab report counter – 1<br>(All report counter 24 hours) – Single window portal OP report counter – 1<br>MSB Report Counter – 1<br>HDS Report Counter – 1<br>Casualty Microlab report counter – 1. |
| (സി) | സാമ്പിൾ കളക്ഷൻ കൗണ്ടറുകളിൽ നിന്ന് റിസൾട്ട് ലഭിക്കുന്നതിനായി ബാർകോഡ് സംവിധാനം | (സി) | ഇ-ഹെൽത്ത് സംവിധാനവും, ലാബിലെ അനലൈസറുകളും സോഫ്റ്റ്വെയറും ബാർകോഡ് |

| | | | |
|---|---|---|---|
| | നൽകുന്നതിനു പകരം ക്യു.ആർ. കോഡ് സംവിധാനത്തിലേക്ക് മാറ്റിയാൽ നിലവിലെ കാലതാമസം ഒഴിവാക്കാനും അതാതിടങ്ങളിൽ തന്നെ റിസൾട്ട് ലഭ്യമാക്കാനും കഴിയുമെന്ന കാര്യം പരിശോധിക്കാമോ? | | സംവിധാനത്തിൽ അധിഷ്ഠിതമാകയാൽ ഇതേ സംവിധാനം തന്നെയാണ് ഉചിതം. ഇ-ഹെൽത്തിന്റെ ഭാഗമായി ലാബ് റിപ്പോർട്ടുകൾ ഫോണിൽ മെസേജായി ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ